ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം സ്കൂൾ എസ്.എം.സി. വഴി അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് യൂണിഫോമിനുള്ള തുക നൽകിക്കഴിഞ്ഞു.

(സി) കേന്ദ്രത്തിൽനിന്നും അനുവദിക്കുന്ന തുക മാത്രമേ യൂണിഫോമിനായി എസ്.എസ്.എ.-യ്ക്ക് നൽകാൻ സാധിക്കുകയുള്ളൂ.

അത്തർ മണ്ഡലത്തിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ

62 (1082) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എ. ഫണ്ടിൽ ഉൾപ്പെടുത്തി അത്തർ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

അത്തർ മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ടിൽ ഉൾപ്പെടുത്തി നടന്നിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

63 (1084) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി എത്രത്തോളം ഫലപ്രദമായി നടപ്പാക്കി ; ഇല്ലെങ്കിൽ കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) യൂണിഫോം വിതരണത്തിൽ മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന നടപടി ക്രമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; ഇതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം യഥാസമയം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള യൂണിഫോം വിതരണത്തിൽ തുടർച്ചയായി ന്യൂനതകൾ സംഭവിക്കുന്നു എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) കഴിഞ്ഞ അദ്ധ്യയനവർഷത്തെ യൂണിഫോം വിതരണം സർക്കാർ എയ്ഡഡ് മേഖലയിൽ എന്നാണ് പൂർത്തിയായതെന്നും എത്ര വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടെന്നും യൂണിഫോമിന് വകയിരുത്തിയ ഫണ്ടും ചെലവായ തുകയും എത്രയെന്നുമുള്ള വിവരങ്ങൾ നൽകാമോ ; കടിശ്ശിക നൽകാനുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നടപ്പ് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(ബി) മുൻസർക്കാരിന്റെ കാലത്ത് എസ്.എസ്.എ.വഴി യൂണിഫോം വിതരണം നടത്തിയിരുന്നില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) കഴിഞ്ഞ അദ്ധ്യയനവർഷത്തെ യൂണിഫോം വിതരണം സർക്കാർ/ എയ്ഡഡ് മേഖലയിൽ ഡിസംബറിൽ പൂർത്തിയായി. 715803 കുട്ടികൾക്ക് വകയിരുത്തിയ ഫണ്ട് 3121.77 ലക്ഷം രൂപയും ചെലവഴിച്ച ഫണ്ട് 2863.21 ലക്ഷം രൂപയുമാണ്. കടിശ്ശികയില്ല.

(എഫ്) ഉണ്ട്. 2015 ജൂലൈ 15-നകം അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളും പുതിയ യൂണിഫോം ധരിച്ച് സ്കൂളുകളിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly